പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 556 29.11.2018 ലെ മറുപടിക്ക്

**ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | എ) 2017-18 സാമ്പത്തിക വർഷത്തിൽ ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 3224219.91 സ്ക്വയർ മീറ്റർ ഭൂവസ്ത്രം ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തു കഴിഞ്ഞു. |
| ബി) ഇത് മുഖേന കയർ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | ബി) കയറിന്റെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ തോടുകൾ, കുളങ്ങൾ, ബണ്ടുകൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം, റോഡ് നിർമ്മാണം, കാർഷിക പ്രവർത്തനം എന്നീ മേഖലകളിൽ കയർ ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. കയറിന്റെ ഉൽപ്പാദനവും വിപണനവും വർദ്ധിച്ചതത് ഫലമായി കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. കയർ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ ഈ സംരംഭം കൊണ്ട് സാധിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത നടപടികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷവും ജലാശയങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകി കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ